68212/2023

**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം –തിരുവനന്തപുരം - സാങ്കേതികവിഭാഗം – പത്തനംതിട്ട ജില്ല –പത്തനംതിട്ട നഗരസഭ, പത്തനംതിട്ട വില്ലേജ് റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- പത്തനംതിട്ട ജില്ലാ ടൗൺപ്ലാനറുടെ 05/06/2023 ലെ TCPPTA/118 /2023/C നമ്പർ കത്തും ഉള്ളടക്കവും.

==========================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. LSGD/PD/41938/2023-TCPA2 തീയതി:07-09-2023

==========================================================

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട നഗരസഭ പരിധിയിലുള്ള പത്തനംതിട്ട വില്ലേജിൽ സർവ്വേ നമ്പർ 265/4-2-1, 265/4-2-4 എന്നിവയിലുൾപ്പെട്ട 1640.മീ സ്ഥലത്ത് 461.94ച.മീ വിസ്തീർണ്ണമുള്ള ജി+2+ടെറസ് നിലകളുള്ള റസിഡൻഷ്യൽ കം കൊമേഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.സാം എബ്രഹാം & ശ്രീമതി.ടീന ആന്റണി, കണിയാംപറമ്പിൽ വീട്, തോന്ന്യാമല, പത്തനംതിട്ട - എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി ഡിടിപി സ്കീംപ്രകാരം കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഒ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ. (KMBR 2019 ലെ ചട്ടം 5(4) കാണുക).

2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (KMBR 2019) ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, നിർദ്ദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം. അപേക്ഷകന്റെ വക തുടർച്ചയായി വരുന്ന മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ അളവുകളും വിശദാംശങ്ങളും ശരിയാണെന്ന് ഉറപ്പു വരുത്തണം.

3. നിർദ്ദിഷ്ട പ്ലോട്ടിലെ നിർമ്മാണങ്ങളിൽ കൊമേർഷ്യൽ ഷോപ്പ് വിസ്തീർണ്ണം 150 ച.മീ - ൽ കൂടരുത്.

4. നിർദ്ദിഷ്ട സ്ഥലത്തെ നിർമ്മാണം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവക്ക് വിരുദ്ധമല്ല എന്ന് രേഖകൾ പരിശോധിച്ചു ഉറപ്പു വരുത്തി വേണം മുനിസിപ്പൽ സെക്രട്ടറി നിർമ്മാണ അനുമതി നൽകേണ്ടത്.

5. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019(KMBR-2019) ചട്ടം 5 (6) (c) യിലെ ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് കൺകറൻസ് അംഗീകാരം നൽകുന്നത് എന്നതിനാൽ പ്രസ്തുത നിർമ്മാണം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019)-ലെ മറ്റു ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമാണെന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf.m
Date: 07-09-2023 10:05:15

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, പത്തനംതിട്ട നഗരസഭ

പകർപ്പ്:-

1. ശ്രീ. സാം എബ്രഹാം & ശ്രീമതി. ടീന ആന്റണി, കണിയാംപറമ്പിൽ, തോന്ന്യാമല, പത്തനംതിട്ട - 689645
2. ജില്ലാ ടൗൺപ്ലാനർ, പത്തനംതിട്ട
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.